"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട്- കളമശ്ശേരി നിയോജക മണ്ഡലം - ആലങ്ങാട് ഗ്രാമപഞ്ചായത്തിലെ ഇൻഫന്റ് ജീസസ് സ്കൂൾ റോഡിന്റെ പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ പരിഷ്ക്കരിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള നിർവ്വഹണം - ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടിവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്**

**സ.ഉ.(സാധാ) നം.151/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/01/2021

---

പരാമർശം:- 1 06.07.2017ലെ സ. ഉ. (സാധാ) നമ്പർ: 2300/2017/തസ്വഭവ.

2 ബഹു: കളമശ്ശേരി എം.എൽ.എ ശ്രീ വി കെ ഇബ്രാഹിം കുഞ്ഞ് അവർകളുടെ 05.03.2019 ലെ കത്ത്.

3 29.09.2020 ലെ സ. ഉ. (സാധാ) നമ്പർ: 5563/2020/ധന.

4 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 27.04.2020 ലെ എബി2/ഡിബി2/18637/19 തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ബഹു: കളമശ്ശേരി എംഎൽഎ ശ്രീ വി. കെ. ഇബ്രാഹിം കുഞ്ഞ് അവർകളുടെ 2016 -17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം ആലങ്ങാട് ഗ്രാമപഞ്ചായത്തിലെ ഇൻഫന്റ് ജീസസ് സ്കൂൾ റോഡിന്റെ പുനരുദ്ധാരണം എന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പ വഴി നടപ്പിലാക്കുന്നതിലേക്ക് 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി തുക തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ പൊതുമരാമത്ത് വകുപ്പിൽ ഡപ്പോസിറ്റ് ചെയ്തിട്ടുമുണ്ട്.

ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ റീടാറിംഗ്, ഡ്രെയിൻ വർക്ക് എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ആലങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ടി റോഡിൽ ഇന്റർ ലോക്ക് ടൈൽ വിരിക്കൽ, ഡ്രെയിൻ വർക്ക് എന്നീ പ്രവൃത്തികൾ നിർവ്വഹിക്കുകയുണ്ടായി. ഇതെ തുടർന്ന് അവശേഷിക്കുന്ന 93 മീറ്റർ റോഡിൽ ഇന്റർ ലോക്ക് ടൈൽ വിരിക്കുന്നതിന് പരാമർശം (2) പ്രകാരം ബഹു: എം.എൽ.എ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ സമർപ്പി ക്കുകയും അത് പ്രകാരം ഭരണാനുമതി പുതുക്കി നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. ഇതിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും പരാമർശം (3) പ്രകാരം ആലങ്ങാട് ഗ്രാമപഞ്ചായത്തിലെ ഇൻഫന്റ് ജീസസ് സ്കൂൾ റോഡിന്റെ പുനരുദ്ധാരണം എന്ന പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് പ്രത്യേകാനുമതി നൽകുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. കളമശ്ശേരി നിയോജക മണ്ഡലത്തിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിലെ ഇൻഫന്റ് ജീസസ് സ്കൂൾ റോഡിന്റെ പുനരുദ്ധാരണം എന്ന പ്രവൃത്തി

പരിഷ്കരിച്ച എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹിക്കുന്നതിന് ഭരണാനുമതി പുതുക്കി ഉത്തരവ്വ പുറപ്പെടുവിക്കുന്നു. പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**യു വി ജോസ് ഐ എ എസ്**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

ശ്രീ വി. കെ. ഇബ്രാഹിം കുഞ്ഞ് എം.എൽ.എ (ആമുഖ കത്ത് സഹിതം)

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്/എൽ ബി എ & എ) തിരുവനന്തപുരം

ട്രഷറി ഡയറക്ടർ

ധനകാര്യ നോഡൽ (സെന്റർ ബി) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ